**പതിമൂന്നാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:1767 11.02.2013-ൽ മറുപടിയ്ക്ക്

**സർക്കാർ ഡയറിയിലെ തെറ്റ്**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. വി. ശിവൻകുട്ടി** | **ശ്രീ.കെ.പി.മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) ഈ വർഷത്തെ സർക്കാർ ഡയറികളും കലണ്ടറുകളും പ്രിന്റ് ചെയ്യുന്നതിന് ചെലവായ ആകെ തുക എത്ര; | (എ) 2013-ലെ സർക്കാർ കലണ്ടർ, ഡയറി തുടങ്ങിയവയുടെ അച്ചടിയും വിതരണവും പൂർത്തിയാകാത്തതിനാൽ കൃത്യമായി തുക കണക്കാക്കുവാൻ സാധിച്ചിട്ടില്ല. |
| (ബി) പ്രിന്റ് ചെയ്ത ഡയറികളിൽ തെറ്റായ വിവരം വന്നതിനാൽ എത്ര ഡയറികൾ വിതരണം ചെയ്യാതെ മാറ്റിവച്ചിട്ടുണ്ട്; സംഭവിച്ച തെറ്റ് എന്തായിരുന്നു; ഇതേ തെറ്റ് മുൻവർഷത്തെ സർക്കാർ ഡയറിയിലും സംഭവിക്കുകയുണ്ടായോ; തെറ്റ് ചൂണ്ടികാണിക്കപ്പെട്ടതിനു ശേഷവും അത് ആവർത്തിക്കാനിടയായത് എന്തുകൊണ്ടാണ്; | (ബി) മാറ്റിവച്ചിട്ടില്ല. പ്രതിപക്ഷ നേതാവിന്റെ മൊബൈൽ നമ്പറിന് പകരം ഗവ.ചീഫ് വിപ്പിന്റെ നമ്പർ ഡയറിയിൽ നൽകിയത്, കാർഷിക കടാശ്വാസ കമ്മീഷൻ ചെയർമാന്റെ പേര് തെറ്റായി അച്ചടിച്ചത്, സംസ്ഥാനത്തെ ചില സർവ്വകലാശാലകളിലെ പുതിയ വൈസ് ചാൻസലർമാരുടെ പേര് വിവരങ്ങൾ ചേർത്തതിലുമുള്ള ചില പിശകുകൾ എന്നിവ ഉണ്ടായിട്ടുണ്ട്. ഇതേപോലെയുള്ള തെറ്റുകൾ സംഭവിച്ചത് ശ്രദ്ധയിൽ പ്പെട്ടതിനെ തുടർന്ന് തെറ്റ് തിരുത്തി പുതിയ ഡയറികൾ വിതരണം ചെയ്തിട്ടുണ്ട്, തെറ്റുകൾ ആവർത്തിക്കാനിടയായ സാഹചര്യം പരിശോധിച്ചുവരുന്നു. |
| (സി) പ്രതിപക്ഷ നേതാവിന്റെ നമ്പറിന് പകരം ഗവൺമെന്റ് ചീഫ് വിപ്പിന്റെ നമ്പർ ഡയറിയിൽ നൽകിയ തെറ്റ് ഈ വർഷവും ആവർത്തിക്കുകയുണ്ടായോ; ഇതിനുത്തരവാദികൾ ആരായിരുന്നു; സ്വീകരിച്ച നടപടി എന്ത് ? | (സി) പ്രതിപക്ഷ നേതാവിന്റെ ഫോൺ നമ്പർ ചേർത്തതിലുണ്ടായ പിഴവ് കണ്ടെത്തി പരിഹരിച്ച പുതിയ ഡയറികളാണ് ഇപ്പോൾ വിതരണം ചെയ്യുന്നത്. ഇത് ആവർത്തിക്കാനുണ്ടായ സാഹചര്യം പരിശോധിച്ച് വരുന്നു. |

Pushpa Kumari

സെക്ഷൻ ഓഫീസർ